ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
( ഹാജർ: ശ്രീ.ബി.റ്റി.വി. കൃഷ്ണൻ B.Tech. )

ഉത്തരവ് നമ്പർ ബി1/38409/2020/സി.ഇ. തീയതി 20-10-2020

വിഷയം :- ജീവനക്കാര്യം-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റവും സ്ഥലമാറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) ഈ കാര്യാലയത്തിലെ 16/10/2020-ലെ 37939/ബി1/20/സി.ഇ. നമ്പർ ഉത്തരവ്
2) സീനിയർ ക്ലാർക്ക് ശ്രീ. ഉഷാർ.ആർ ന്റെ 30/09/2020-ലെ അപേക്ഷ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. എസ്. ഹാജാമൈതീൻ, ശ്രീമതി. ശ്രീരഞ്ജിനി എന്നിവർക്ക് ഹെഡ്ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ചതിനാൽ സീനിയർ ക്ലാർക്ക് തസ്തികയിൽ രണ്ട് ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരമുള്ള സീനിയറായ കാസർഗോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. ബി. സുഹാസ്റായ്, മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. ബിജു.കെ.ഡി. എന്നിവർ സ്ഥാനക്കയറ്റത്തിനായി യോഗ്യതനേടിയിട്ടുള്ളതായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഉഷാർ.ആർ.നെ ടിയാളുടെ അപേക്ഷ പരിഗണിച്ച് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തങ്കശ്ശേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള സീനിയർ ക്ലാർക്കിന്റെ ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഉഷാർ.ആർ.നെ സ്ഥലംമാറ്റിയ ഒഴിവിൽ ഹാർബർ എഞ്ചിനിയറിംഗ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. വി.കെ. ചിത്രയെ സ്ഥലംമാറ്റി നിയമിക്കുന്നു.

3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാസർഗോഡ് ഡിവിഷൻ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. ബി. സുഹാസ്റായ്-യെ 25200-54000 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ നിയമിക്കുന്നു.

T3

4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. ബിജു.കെ.ഡി.യെ 25200-54000 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ നിയമിക്കുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താക്കൾ
എല്ലാ വ്യക്തികൾക്കും ( ആഫീസ് മേധാവി മുഖേന)

പകർപ്പ്
1 സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല/തിരുവനന്തപുരം/ഉത്തരമേഖല, കോഴിക്കോട്
2 എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കൊല്ലം/കാസർഗോഡ്/മലപ്പുറം
3 അസി.എക്സി. എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ തങ്കശ്ശേരി
4 എ6/ബി3/സ്റ്റോക്ക് ഫയലിലേയ്ക്ക്
5. വെബ്സൈറ്റിലേക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്



13

D.cell